ലേഖനം

○

സി. കുഞ്ഞിമുഹമ്മദ് വേങ്ങര

# വരുണനും ഋതവും

*ഹരിഃ ഓം ബ്രാഹ്മവാദിനോ വദന്തിഃ*
*കിം കാരണം ബ്രഹ്മകുതഃ സ്മ ജാതാഃ*
*ജീവാമ കേന ക്വ ച സംപ്രതിഷ്ഠാ*
*അധിഷ്ഠിതാഃ കേന സുഖേതരേഷു*
*വർത്താമഹേ ബ്രഹ്മവിദോ വ്യവസ്ഥാം*

(ഹരിഃ ഓം. ചില ബ്രഹ്മ ജിജ്ഞാസുക്കൾ ഒന്നിച്ചിരുന്ന് ചർച്ച ചെയ്യുകയാണ്. എന്താണ് ഈ പ്രപഞ്ചത്തിന്റെ കാരണമായിരിക്കുന്നത്? ബ്രഹ്മമാണോ? നമ്മളെല്ലാം എവിടെനിന്നാണ് വന്നത്? എന്തിന്റെ ശക്തികൊണ്ടാണ് നിലനിൽക്കുന്നത്? എവിടെയാണ് നമ്മുടെയെല്ലാം അവസാന വിശ്രമ സ്ഥലം? അല്ലയോ ബ്രഹ്മജ്ഞാനികളേ, മനുഷ്യർ ഈ സുഖദുഃഖങ്ങളുടെ നിയമത്തെ അനുസരിച്ചുകൊണ്ടിരിക്കുന്നത് ആരുടെ നിയന്ത്രണത്തിന്നധീനരായിട്ടാണ്– *ശ്വേതാശ്വതരോപനിഷത്ത്*, അധ്യായം ഒന്ന്, മൂഡാനന്ദസ്വാമി).

ചിന്താശീലരായ മനുഷ്യരെ എക്കാലത്തും മഥിച്ചിരുന്ന ചിന്തകളാണ് മേലുദ്ധരിച്ചത്. ഇതിൽനിന്നാണ് ദർശനങ്ങളും തത്ത്വചിന്തകളും ഉടലെടുത്തത്. എന്നാൽ ഒട്ടനവധി പരിമിതികളുള്ള ഇന്ദ്രിയങ്ങളുടെ സഹായത്താൽ ചെയ്യുന്ന ഭാവനക്കോ വിശകലനത്തിനോ ഇതിന്റെ ശരിയുത്തരം കണ്ടെത്തുക സാധ്യമല്ല. അതുകൊണ്ടാണ് ഈശ്വരൻതന്നെ ആ കാര്യം ഏറ്റെടുത്ത്, ആദ്യത്തെ മനുഷ്യ കുടുംബത്തെ ഭൂമിയിൽ കുടിയിരുത്തിയശേഷം ഇങ്ങനെ പറഞ്ഞത്: "എന്നിൽനിന്നും നിങ്ങൾക്ക് മാർഗദർശനം വന്നുകിട്ടിയാൽ അത് പിൻപറ്റുന്നവർ ഭയപ്പെടേണ്ടതില്ല; അവർ ദുഃഖിക്കുകയുമില്ല" (വിശുദ്ധ ഖുർആൻ 2:38).

ജീവിതത്തിന്റെ അർഥവും പൊരുളും ജീവിത വിജയത്തിന് അനുവർത്തിക്കേണ്ട നിലപാടുകളും മനുഷ്യരെ പഠിപ്പിക്കാൻ പ്രവാചകന്മാരെ അയക്കുക എന്നതാണ് ദൈവം സ്വീകരിച്ച രീതി. വ്യത്യസ്ത കാലങ്ങളിൽ ഒരു ലക്ഷത്തിൽപരം പ്രവാചകന്മാർ വന്നിട്ടുണ്ടെന്നാണ് കരുതപ്പെടുന്നത്. പ്രവാചകന്മാർ വന്നിട്ടില്ലാത്ത ഒരു സമൂഹവും കഴിഞ്ഞുപോയിട്ടില്ലെന്നും ഖുർആൻ വ്യക്തമാക്കുന്നുണ്ട്.

പ്രവാചകനോട് ദൈവം അരുളുന്നു: "താങ്കളെ നാം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് ചെയ്യുന്നവനുമായി സത്യമതത്തോടെ അയച്ചിരിക്കുന്നു. ഒരു മുന്നറിയിപ്പുകാരൻ വന്നുപോയിട്ടില്ലാത്ത ഒരൊറ്റ സമുദായവും ഇല്ല" (ഖുർ

ആൻ 35:24). ഏകനായ പരമേശ്വരനു മാത്രം വഴിപ്പെട്ടു ജീവിക്കുക, വിശ്വാസ പ്രമാണവും കർമമാർഗവും അവനിൽ നിന്നു വന്നുകിട്ടിയ വേദവിധി അനുസരിച്ചായിരിക്കുക, മരണാനന്തര ജീവിതമാണ് ശാശ്വതമെന്നും അവിടത്തെ രക്ഷാശിക്ഷകളുടെ തീരുമാനം വേദപ്രമാണങ്ങളുടെ അംഗീകാരവും തിരസ്കാരവുമനുസരിച്ചായിരിക്കുമെന്നും വിശ്വസിക്കുക തുടങ്ങി വേദങ്ങൾ അവതരിപ്പിക്കുന്ന ജീവിത ദർശനവും പ്രപഞ്ച വീക്ഷണവും, ഏകദൈവത്വത്തിന്റെ അച്ചുതണ്ടിലായിരിക്കണം മനുഷ്യജീവിതത്തിന്റെ വ്യവഹാരക്രമം രൂപപ്പെടേണ്ടത് എന്ന് നിഷ്കർഷിക്കുന്നു. എങ്കിൽ മാത്രമേ താമോഗുണവും (ഭക്തിമാർഗം) രജോഗുണവും (കർമയോഗം) സത്വഗുണവും (ജ്ഞാനമാർഗം) ഉൾച്ചേർന്ന് നിഷ്കാമ കർമിയായ മനുഷ്യനാവുകയുള്ളൂ.

*നാര്യമണം പുഷ്യതിന്നോസഖായം*
*കേവലാഘോഭവതി കേവലാദി*

(ഈശ്വരനെ സേവിക്കാതെയും സഹജീവികളെ സഹായിക്കാതെയും കേവലം ഭക്ഷണം മാത്രം കഴിച്ചുകൊണ്ടിരിക്കുന്നവർ മഹാ പാപികളാകുന്നു. ഈശ്വര സേവയും മനുഷ്യ സേവയുമാണ് മനുഷ്യ ധർമം). ഇഷ്ടാ പൂർത്തങ്ങൾ ചെയ്യണമെന്ന് ധർമശാസ്ത്രങ്ങളിൽ പറയുന്നതിന്റെ സാരവും ഈ പറഞ്ഞത് തന്നെയാണ്. ഇഷ്ടം= ഈശ്വരോപാസനം, പൂർത്തം= സഹജീവി സേവനം (*വേദസ്വരൂപം, ഹിന്ദു മതത്തിന്റെ ഭാവി*, പേജ് 7, വി.കെ നാരായണഭട്ടതിരിപ്പാട്).

ഇസ്‌ലാമിന്റെ ജീവിത ധർമവും മേൽ പറഞ്ഞതു തന്നെയാണ്. *ഇബാദതുൻ ലിൽ ഖാലിഖ്, വ ഖിദ്മാതുൻ ലിൽ മഖ്‌ലൂഖ്* (സ്രഷ്ടാവിന് ആരാധനയും വഴിപ്പെടലും സൃഷ്ടികളെ സേവിക്കലും).

സത്യവിശ്വാസവും സൽക്കർമവുമാകുന്ന അടിസ്ഥാന ആദർശത്തിന്റെ കർമയോഗമാണിത്. വരുണൻ ഈശ്വരന്റെ ഒരു നാമമാണ്; ഋതം അവന്റെ പ്രാപഞ്ചിക വ്യവസ്ഥയും മനുഷ്യൻ അംഗീകരിക്കേണ്ട സദാചാര വ്യവസ്ഥയുമാണ്. "ആദിത്യനെ ഇന്ദ്രനെന്നും മിത്രനെന്നും വരുണനെന്നും അഗ്നിയെന്നും പറയുന്നു. മാനത്തു വടിവിൽ വരക്കുന്ന ഗരുഡനും അദ്ദേഹം തന്നെ. മേധാവികൾ ഒന്നിനെ പലതാക്കിപ്പറയുകയാണ് (*ഋഗ്വേദം* സൂക്തം 164, ഭാഗം ഒന്ന്, പേജ് 362, 42: *ഋഗ്വേദസംഹിത*, വള്ളത്തോൾ).

വേദങ്ങൾ ഏകേശ്വരനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. വേദങ്ങളിലും വൈദിക ക്രിയകളിലും ഈശ്വര നാനാത്വമുണ്ടെന്നും ഓരോ ഈശ്വരന്മാരെയും പൂജിച്ച് അവരിൽനിന്ന് സ്വഭീഷ്ട സമ്പാദനമാണ് വേദങ്ങളിൽ ഉള്ളതെന്നുമാണ് ഇപ്പോഴത്തെ ധാരണ. വാസ്തവത്തിൽ, വേദങ്ങളിലോ വൈദിക ക്രിയകളിലോ ഈശ്വര നാനാത്വമില്ല. ഒരേ തത്ത്വം നാനാ ശബ്ദങ്ങൾ കൊണ്ട് പറയുന്നുവെന്ന് മാത്രമേയുള്ളൂ.

*ഏകം സദ്വിപ്രാ ബഹുധാവദന്തി*
*അഗ്നിയമം മാതരിശ്വാന മാഹു* –ഋഗ്വേദം 2–322. (സത്യമായ ഒരു വസ്തുവിനെ വിപ്രന്മാർ (അറിവുള്ളവർ) പലമാതിരിപറയുന്നു. ഈ സത്യാവസ്ഥ അഗ്നിയാണെന്നും യമനാണെന്നും മാതരിശ്വാവാണെന്നും ഇപ്രകാരം ഓരോരോ വിധത്തിൽ പറയുന്നു (*വേദസ്വരൂപം* പേജ് 24).

ഋഗ്വേദത്തിലെ ആദിമവും ശിശുതുല്യവും അകൃത്രിമവുമായ പ്രാർഥനയെപ്പറ്റി ഫ്ളെഡെറർ (Pfleiderer) പ്രസ്താവിക്കുന്നു: "എത്രതന്നെ അവ്യക്തമോ പ്രാകൃതമോ ആയിരുന്നാലും ഒരുതരം ഏക ദേവതാവാദമാണിത്" (*ഭാരതീയ ദർശനം*, ഒന്നാം വാല്യം, പേജ് 48, ഡോ. രാധാകൃഷ്ണൻ).

വേദങ്ങളിൽ ഏകേശ്വരനെ സ്ഥാപിക്കുന്ന സൂക്തങ്ങൾ ഉള്ളതു പോലെതന്നെ വേദോപനിഷത്തിലും ഇത്തരം സൂക്തങ്ങൾ കാണാം. ഉദാ:

ഏകോ ഹി രുദ്രോ ന ദ്വിതീയായ തസ്ഥു–
ര്യ ഇമാം ല്ലോകാനീശത ഈശ്വനീദിഃ
പ്രത്യഞ്ജനാം സ്തിഷ്ഠതി സംചുകോചാന്തകാലേ
സംസൃജ്യവിശ്വാ ഭുവനാനി ഗോപാഃ (*ശ്വേതാശ്വതരോപനിഷത്ത്*, അധ്യായം മൂന്ന്, സൂക്തം 2, മൂഡാനന്ദ സ്വാമി).

അർഥം: തന്റെ മായാ ശക്തികളെക്കൊണ്ട് ഈ ലോകങ്ങളെയെല്ലാം ഭരിക്കുന്ന ഈശ്വരൻ (ബ്രഹ്മം) ഒന്നു മാത്രമേ ഉള്ളൂ. അത് രണ്ടാമതൊന്നിനെ ആശ്രയിക്കുന്നില്ല. അത് എല്ലാ ജനങ്ങളുടെയും ഉള്ളിൽ പ്രത്യഗാത്മാവായി സ്ഥിതി ചെയ്യുന്നു. എല്ലാ ലോകങ്ങളെയും സൃഷ്ടിച്ച് രക്ഷിച്ച് അവസാനം തന്നിലേക്കു തന്നെ ഉപസംഹരിക്കുകയും ചെയ്യുന്നു.

"ഈശ്വരന്റെ ഏതെങ്കിലും വിധത്തിലുള്ള ശരിയായ ഒരു സങ്കൽപമുണ്ടാകുന്നതോടെ ഏകേശ്വരവാദം അനുപേക്ഷണീയമായിത്തീരുന്നു. പരമേശ്വരൻ ഒന്നേ ഉണ്ടായിക്കൂടൂ. രണ്ട് പരമേശ്വരന്മാരും എണ്ണമറ്റ സത്തകളും ഉണ്ടാവുക സാധ്യമല്ല. ഒരു ദേവൻ മറ്റൊരു ദേവന്റെ സൃഷ്ടിയാണോ എന്ന ചോദ്യം എല്ലായിടത്തും ചോദിക്കപ്പെട്ടിട്ടുണ്ട്. സൃഷ്ടിക്കപ്പെട്ട ഒരു ദേവൻ ഈശ്വരനേ അല്ല. പ്രപഞ്ച പ്രവർത്തനത്തെപ്പറ്റിയും ഈശ്വര സ്വഭാവത്തെപ്പറ്റിയും ഉള്ള ഉൾക്കാഴ്ച വളർന്നതോടെ പല ദേവന്മാർ ഉരുകിച്ചേർന്ന് ഒന്നായിത്തീർന്നു. 'ഋതം' എന്ന ആശയത്തിൽ അനുഭൂതി ഗോചരമായ ഐക്യദർശനം ഏകേശ്വര വാദത്തെ സഹായിച്ച് പ്രകൃതി പ്രതിഭാസങ്ങളുടെ വൈവിധ്യം പല ദേവന്മാർ ഉണ്ടായിരിക്കണമെന്ന് ആവശ്യപ്പെടുന്നുവെങ്കിൽ ഉള്ള എല്ലാ വസ്തുക്കളെയും ആശ്ലേഷിക്കുന്ന ഒരേ ഒരു ഈശ്വരനുണ്ടായിരിക്കണമെന്ന് പ്രകൃതിയിലുള്ള ഐക്യം അനുശാസിക്കുന്നില്ലേ? പ്രകൃതി നിയമത്തിൽ വിശ്വസിക്കുക എന്നതിനർഥം ഏകേശ്വരനിൽ വിശ്വസിക്കുക എന്നതാണ്" ('ഏകേശ്വര പ്രവണതകൾ', *ഭാരതീയ ദർശനം*, പേജ് 68, ഡോ. രാധാകൃഷ്ണൻ).

"ആകാശത്തിന്റെ ദേവതയാണ് വരുണൻ. 'മൂടുക' അല്ലെങ്കിൽ 'വ്യാപിച്ച് നിൽക്കുക' എന്നർഥമുള്ള 'വ്യാ' (വര്) എന്ന ധാതുവിൽനിന്നുണ്ടായതാണ് ഈ പദം. ഗ്രീക്കുകാരുടെ ഔരണോസ് (Ouranos), അവെസ്തയിലെ അഹുരമസ്ദ (Ahuramazda) എന്നീ ദേവതകളും വരുണനും ഒന്നു തന്നെയാണ്. ഈ ദേവതയുടെ ഭൗതികമായ ഉത്ഭവം പ്രകടമത്രെ. ആഛാദനം ചെയ്യുന്നവൻ അല്ലെങ്കിൽ പൊതിയുന്നവനാണ് അദ്ദേഹം. നക്ഷത്ര ഖചിതമായ ആകാശമണ്ഡലത്തെയും അതിലുള്ള എല്ലാ ജീവികളെയും അവരുടെ വാസസ്ഥലങ്ങളെയും ഒരു വസ്ത്രം കൊണ്ടെന്ന പോലെ ആഛാദനം ചെയ്യുന്നു. വരുണന്റെ സന്തത സഹചാരിയാണ് മിത്രൻ. ഒരുമിച്ച് ഉപയോഗിക്കപ്പെടുമ്പോൾ മിത്രാവരുണന്മാർ എന്ന പദം കുറിക്കുന്നത് പകലിനെയും രാത്രിയെയും പ്രകാശത്തിനെയും അന്ധകാരത്തിനെയും ആകുന്നു. വരുണന്റെ രൂപം അനുക്രമമായി പരിണാമത്തിന് വിധേയമായി. വേദങ്ങളിലെ ഏറ്റവുമധികം നീതിനിഷ്ഠയുള്ള ദേവനായിത്തീരുമാറ് അദ്ദേഹം ആദർശവത്കരിക്കപ്പെട്ടു. അദ്ദേഹം വിശ്വത്തെ നിരീക്ഷിക്കുകയും ദുഷ്കർമകാരികളെ ശിക്ഷിക്കുകയും മാപ്പിരക്കുന്നവരുടെ കുറ്റങ്ങൾ പൊറുക്കുകയും ചെയ്യുന്നു. സൂര്യൻ അദ്ദേഹത്തിന്റെ നേത്രമാകുന്നു; ആകാശം അദ്ദേഹത്തിന്റെ വസ്ത്രമാകുന്നു; കൊടുങ്കാറ്റ് അദ്ദേഹത്തിന്റെ ശ്വാസമാകുന്നു. പുഴകൾ ഒഴുകുന്നത് അദ്ദേഹത്തിന്റെ കൽപനയാ

ലത്രെ. അദ്ദേഹത്തെ ഭയപ്പെട്ടാണ് സൂര്യൻ പ്രകാശിക്കുന്നതും നക്ഷത്രങ്ങളും ചന്ദ്രനും അവയുടെ ഭ്രമണപഥങ്ങളിൽ സഞ്ചരിക്കുന്നതും. ആകാശത്തെയും ഭൂമിയെയും അകറ്റിനിർത്തുന്നത് അദ്ദേഹത്തിന്റെ നിയമമത്രെ. ഭൗതികവും ധാർമികവുമായ സംവിധാനത്തെ നിലനിർത്തുന്നതും അദ്ദേഹംതന്നെ. അദ്ദേഹം സ്വേഛാരിയായ ഒരു ദേവനല്ല. 'ധൃതവ്യതൻ', ദൃഢസങ്കൽപനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ആജ്ഞകളെ മറ്റു ദേവതകൾ പാലിക്കുന്നു. സർവജ്ഞനായ അദ്ദേഹത്തിന് അന്തരീക്ഷത്തിലൂടെ പറക്കുന്ന പക്ഷികളുടെ മാർഗവും സമുദ്രത്തിലൂടെ നീങ്ങുന്ന കപ്പലുകളുടെ മാർഗവും, വായുവിന്റെ മാർഗവും അറിയാം. അദ്ദേഹമറിയാതെ ഒരു പക്ഷിക്ക് പറന്നിറങ്ങുവാൻ കഴിയുകയില്ല. പരമോന്നതനായ ദേവൻ, ദേവന്മാരുടെ ദേവനായ അദ്ദേഹം അപരാധികളിൽ പരുഷനും പശ്ചാത്തപിക്കുന്നവരിൽ കാരുണ്യവാനുമാകുന്നു. താൻ സ്ഥാപിച്ച നൈതിക പ്രപഞ്ചത്തിന്റെ ശാശ്വത നിയമങ്ങൾക്കനുസൃതമാണ് അദ്ദേഹത്തിന്റെ പ്രവർത്തനം. എന്നാലും തനിക്കെതിരായി കുറ്റം ചെയ്തവർക്ക് മാപ്പ് കൊടുക്കാൻ കരുണാമയനായ അദ്ദേഹം സന്നദ്ധനത്രേ. പാപം ചെയ്തവനോട് പോലും അദ്ദേഹം ദയാപൂർണനാണ്. വരുണനെ സംബോധന ചെയ്തുകൊണ്ടുള്ള മിക്കവാറും എല്ലാ സൂക്തങ്ങളിലും പാപം ക്ഷമിക്കണേ എന്ന കുറ്റ സമ്മതവും പശ്ചാത്താപവും നിറഞ്ഞ പ്രാർഥനകൾ നാം കാണുന്നു. ഇതിൽ നിന്ന് തെളിയുന്നത് ആര്യകവികൾക്ക് പാപഭാരത്തെപ്പറ്റിയും പ്രാർഥനയെപ്പറ്റിയുമുള്ള ബോധമുണ്ടായിരുന്നു എന്നാണ്.

പാപത്തെപ്പറ്റിയുള്ള ബോധവും ഈശ്വരൻ മാപ്പു നൽകുമെന്ന വിശ്വാസവും അടങ്ങിയ വേദത്തിലെ വരുണാരാധനയിലാണ് ഭക്തിയിലൂന്നുന്ന വൈഷ്ണവന്മാരുടെയും ഭാഗവതന്മാരുടെയും ഈശ്വരവാദ(Thism)ത്തിന്റെ പ്രഭവം നാം കണ്ടത്തേണ്ടത്. ഏറ്റവും ഉയർന്ന തരത്തിലുള്ള ഒരു ഏകേശ്വര വിശ്വാസത്തിൽ ഈശ്വരനുള്ള സ്വഭാവത്തോട് തുല്യമാണ് വരുണന്റെ സ്വഭാവം എന്ന് പ്രഫസർ മാക്ഡോണൽ പറയുന്നു" (*ഭാരതീയ ദർശനം*, പേജ് 56,58).

വരുണൻ ഏതിന്റെ സൂക്ഷിപ്പുകാരനാണോ ആ നിയമത്തിന്റെ പേരാണ് ഋതം. ഋതമെന്നാൽ പ്രപഞ്ചത്തിലെ വ്യവസ്ഥിതിതത്ത്വം എന്നർഥം. പ്രപഞ്ചം, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, പ്രഭാതം, സായംസന്ധ്യ, പകൽ, രാത്രി എന്നിവയുടെ വ്യവസ്ഥാപിതമായ മാർഗം എന്നായിരുന്നു ഋതം എന്ന വാക്കിന്റെ പ്രാഥമികമായ അർഥം. ക്രമത്തിൽ അത് മനുഷ്യൻ ആചരിക്കേണ്ട സദാചാരമാർഗവും ദേവന്മാർ പോലും പാലിക്കുന്ന ധർമനിയമവും ആയിത്തീർന്നു. ഭൗതിക പ്രപഞ്ചത്തിൽ നിയമത്തിനുള്ള സ്ഥാനമാണ് നൈതിക പ്രപഞ്ചത്തിൽ ധർമത്തിനുള്ളത്. ആദ്യമാദ്യം ഭൗതിക ക്രമത്തിന്റെ സംരക്ഷകനായ വരുണൻ പിന്നീട് ധാർമിക ക്രമത്തിന്റെ സൂക്ഷിപ്പുകാരനും (ഋതസ്യഗോപ) പാപങ്ങൾക്ക് ശിക്ഷ നൽകുന്നവനുമായിത്തീർന്നു. പ്രാർഥന എപ്പോഴും നമ്മെ ശരിയായ പാന്ഥാവിലൂടെ നയിക്കുന്നതിനാണ്. 'ഹേ ഇന്ദ്രാ, എല്ലാ ദുരിതങ്ങളെയും അതിലംഘിച്ച് ഋതമാർഗത്തിലൂടെ ഞങ്ങളെ നയിച്ചാലും' (*ഭാരതീയ ദർശനം* വാല്യം ഒന്ന്, പേജ് 56–59, ഡോ. രാധാകൃഷ്ണൻ).

വരുണനെ സംബന്ധിച്ച് ആകാശത്തിന്റെ ദേവൻ, നക്ഷത്ര ഖചിതമായ ആകാശമണ്ഡലത്തെയും അതിലെ ജീവികളെയും വാസസ്ഥലങ്ങളെയും ചൂഴ്ന്ന് നിൽക്കുന്നവൻ എന്ന പ്രയോഗവും ബി.സി 650–നോടടുത്ത കാലത്ത് എഴുതപ്പെട്ട ചില ലിഖിതങ്ങളിൽ രേഖപ്പെടുത്തിയതും ചേർത്തു വായിക്കുന്നത് പഠനാർഹമായിരിക്കും. "ബി.സി 650–നോടടുത്ത കാലത്ത് എഴുതപ്പെട്ട ചില ലിഖിതങ്ങളിൽ സബഅ് രാജ്യത്ത്

പലയിടങ്ങളിലും ഭൂസംവി അല്ലെങ്കിൽ ഭൂസമാവി (റബ്ബുസ്സമാഅ്)യെ മാത്രം ആരാധിക്കാൻ നിർമിക്കപ്പെട്ട ആരാധനാലയങ്ങളുള്ളതായി കാണുന്നു. ചില ലേഖനങ്ങളിൽ ഈ രാജാവിന്റെ പേര് മാലികൻ ഭൂസംവി (ആകാശത്തിന്റെ രാജാവ്) എന്നാണ്. ഈ വിഭാഗം നിരവധി നൂറ്റാണ്ടുകളോളം യമനിൽ നിലനിന്നിരുന്നു" (*തഫ്ഹീമുൽ ഖുർആൻ*, സബഅ് 35, വ്യാഖ്യാനക്കുറിപ്പ്).

വരുണൻ തന്റെ ഋതമാർഗം വ്യത്യസ്ത കാലഘട്ടത്തിലോ ഒരു കാലത്തുതന്നെ വ്യത്യസ്ത പ്രവാചകന്മാരിലൂടെയോ വ്യത്യസ്ത സമൂഹങ്ങളിലേക്ക് അവതരിപ്പിച്ചുകൊണ്ടിരുന്നു. ഒരു കാലത്ത് അവതരിപ്പിച്ച വേദങ്ങൾ അവയുടെ അടിസ്ഥാന ആശയങ്ങളിൽനിന്ന് മാറ്റപ്പെടുമ്പോൾ മനുഷ്യ വംശത്തിന്റെ ബുദ്ധിപരമായ വളർച്ചക്കും സാംസ്കാരിക നാഗരികതകളുടെ വികാസത്തിനും അനുസരിച്ചുള്ള വേദങ്ങൾ അവതരിപ്പിച്ചുകൊണ്ടിരുന്നു.

പല ഋഷിമാരാൽ പല കാലങ്ങളിൽ ഉപജ്ഞാതങ്ങളായ വേദ ഭാഗങ്ങളെല്ലാം സമാഹരിച്ചു വിഷയവിഭാഗം ചെയ്തു ക്രമീകരിച്ചത് കൃഷ്ണ ദ്വൈപായനാണ്. വേദങ്ങൾ ആര് പറയുന്നു എന്നുവിവേചനം ചെയ്യാൻ കഴിയാത്ത വിധം മഹർഷിമാരുടെ ജ്ഞാന ദൃഷ്ടികൊണ്ട് ആദ്യമേ കണ്ടു തുടങ്ങുകയും ഉടനെത്തന്നെ അവരുടെ ശ്രോത്രത്തിൽ നാദരൂപേണ മുഴങ്ങി കേൾക്കുകയും ചെയ്ത ശബ്ദരാശി എന്നു അർഥം പറയാറുണ്ട്. അപൗരുഷേയവും അനാദിയുമാണ് ശ്രുതി എന്ന് തെളിയിക്കുന്നതാണ് ഈ അർഥം. വേദങ്ങളെ ശ്രുതിയെന്ന് പറയുന്നു.

*യുഗാന്തേ f ന്തർഹിതാൻ വേദാൻ*
*സേതിഹാസാൻ മഹർഷയ*
*ലേഭിവിരേ തപസാ പൂർവ്വ*
*മനുജ്ഞാതാഃ സ്വയം ഭുവാ* (*മനുസ്മൃതി*) എന്ന സമൃതി വാക്യത്തിൽനിന്ന്, യുഗാവസാനത്തിൽ അപ്രത്യക്ഷങ്ങളാകുന്ന ഇതിഹാസ സമന്വിതങ്ങളായ വേദങ്ങളെ മുനിമാർ ബ്രഹ്മാവിനാൽ അനുജ്ഞാതരായി കണ്ടറിയുകയാണ് ചെയ്തത് എന്ന് ധരിക്കാവുന്നതാണ്.

ജ്ഞാനം രണ്ടു വിധമുണ്ട്. ഒന്ന്, ഇന്ദ്രിയ പ്രത്യക്ഷജന്യമായ ലൗകിക ജ്ഞാനം. മറ്റൊന്ന്, മനോനിഗ്രഹാദി യോഗസാധനകൾ കൊണ്ട് നേടാവുന്ന അപരോക്ഷമായ അധ്യാത്മിക ജ്ഞാനം. ഈ അപരോക്ഷ ജ്ഞാനമാണ് വേദത്തിലെ പ്രതിപാദ്യ വിഷയം. വേദത്തിലെ ശബ്ദ പ്രപഞ്ചത്തെയല്ല, പ്രതിപാദ്യമായ ഈ ജ്ഞാനത്തെയാണ് നിത്യമെന്നും അനശ്വരമെന്നും പറയുന്നത്. സ്ഫോടനമെന്നു പറയുന്ന ഈ ജ്ഞാനവും വ്യാകൃത പ്രപഞ്ചവുമെല്ലാം കൽപാന്തത്തിൽ അവ്യാകൃതമായ കാരണത്തിൽ ലയിക്കുന്നു. അടുത്ത കൽപത്തിന്റെ ആദ്യത്തിൽ ഭഗവാൻ ആ ജ്ഞാനത്തെ വീണ്ടും പ്രകാശിപ്പിക്കുന്നു. മനുഷ്യന്റെ ശ്വാസോഛ്വാസം പോലെ വേദങ്ങൾ ഭഗവാനിൽ നിന്നും ആവിർഭവിക്കുന്നുവെന്നാണ് വേദാന്തത്തിൽ വിവരിക്കുന്നത്. 'തസ്യ മാ ഏതസ്യ നിഃശ്വസിതമേതത്' (ശ്രീ രാമകൃഷ്ണാപുരം പുറമ്പട്ടുകര, തൃശൂർ പ്രസിദ്ധീകരിച്ച ഈശോ വാസ്യോപനിഷത്തിലെ പ്രസ്താവന, പേജ് 12,13).

ബ്രഹ്മ ശബ്ദത്തിന്റെ ഉത്കൃഷ്ട ഭാഗങ്ങളായ അവസാനത്തെ ശ്രുതി അഥവാ ഋതുമാർഗവും അതവതരിപ്പിക്കപ്പെട്ട മഹർഷിയെയും അന്വേഷിക്കുന്നവർ അന്ത്യ പ്രവാചകനായ മുഹമ്മദ് നബിയെയും വിശുദ്ധ ഖുർആനെയും പഠന വിധേയമാക്കുന്നത് യാഥാർഥ്യത്തിലേക്ക് വഴി തെളിയിക്കും.

"നബീ, മനുഷ്യർക്ക് സന്തോഷ വാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ്

നൽകുന്നവനുമായിട്ടല്ലാതെ താങ്കളെ നാം അയച്ചിട്ടില്ല. പക്ഷേ, മിക്കയാളുകളും അത റിയുന്നില്ല" (ഖുർആൻ 34:28).

"പറയുക! ജനങ്ങളേ, ആകാശഭൂമികളുടെ ആധിപത്യം വഹിക്കുന്ന അല്ലാഹു വിങ്കൽനിന്ന് നിങ്ങളിലേക്കാകമാനം അയക്കപ്പെട്ട ദൂതനാണ് ഞാൻ. അല്ലാഹു അല്ലാതെ ഒരാരാധ്യനുമില്ല, അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകുയം ചെയ്യുന്നു. അതുകൊണ്ട് അല്ലാഹുവിൽ വിശ്വസിക്കുക, നിരക്ഷരനായ അവന്റെ ദൂതനിലും വിശ്വ സിക്കുക. അദ്ദേഹത്തെ പിന്തുടരുകയും ചെയ്യുക, നിങ്ങൾ നേർമാർഗത്തിലാവാൻ വേണ്ടി" (ഖുർആൻ 7:158).

"തന്റെ നാഥനിൽനിന്നും തനിക്ക് ഇറക്കപ്പെട്ടതിൽ ദൂതൻ വിശ്വസിച്ചു, സത്യ വിശ്വാസികളും അതിൽ വിശ്വസിച്ചു. അവരെല്ലാവരും അല്ലാഹുവിലും അവന്റെ മല ക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചു. തന്റെ ദൂത രിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കാണിക്കുകയില്ല (എന്നവർ പ്രഖ്യാപി ക്കുന്നു). ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് പൊറുത്ത് തരേണമേ! നിന്നിലേക്കാണ് ഞങ്ങളുടെ മടക്കം എന്ന വർ പറയുകയും ചെയ്തു" (ഖുർആൻ 2:285).

കഴിഞ്ഞുപോയ ദൈവപ്രോക്തങ്ങളായ എല്ലാ വേദ ഗ്രന്ഥങ്ങളെയും പ്രവാച കന്മാരെയും പക്ഷപാതരഹിതമായി അംഗീകരിക്കുന്ന പല സൂക്തങ്ങളിൽ ഒന്നു മാത്ര മാണ് മേൽ കൊടുത്തത്.

സ്വസ്ഥവും സമാധാനപൂർണവുമായ ഈ ലോക ജീവിതത്തിനും മരണാനന്ത രമുള്ള ശാശ്വതമായ മോക്ഷത്തിനും നിയമങ്ങളും നിർദേശങ്ങളും ഉദ്ബോധനങ്ങളും ഖുർആനിലുടനീളം പരന്നു കിടക്കുന്നു. ആദ്യം പറഞ്ഞ ബ്രഹ്മജിജ്ഞാസുക്കളുടെ അന്വേഷണങ്ങൾക്കെല്ലാം തൃപ്തികരമായ ഉത്തരം നൽകുകയും ചെയ്യുന്നു. ■